REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 14-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും.**
- **കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയെ ഇന്ന് പ്രഖ്യാപിക്കുമെന്ന് കോൺഗ്രസ് കേന്ദ്ര നേതൃത്വം. പാർലമെന്ററി പാർട്ടി യോഗം ഇന്ന് ഉച്ചയ്ക്ക് KPCC ആസ്ഥാനത്ത്.**
- **SSLC പരീക്ഷാഫല പ്രഖ്യാപനം നാളെ .**
- **സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ, റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ആറു വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. UAE, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി നാളെ അബുദാബി സന്ദർശിച്ച് UAE പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് അറിയിച്ചു.

പശ്ചിമേഷ്യയിലെ ഭൗമരാഷ്ട്രീയ സംഘർഷങ്ങളുടെയും ആഗോള എണ്ണ വിപണികളിലെ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ഊർജ്ജ സുരക്ഷയ്ക്കായിരിക്കും ചർച്ചയിൽ പ്രാധാന്യം നല്കുന്നത്. അഞ്ച് മാസത്തിനുള്ളിൽ മോദിയും, ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിലെ രണ്ടാമത്തെ കൂടിക്കാഴ്ചയാണിത്.

✪✪✪

ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ രണ്ട് ദിവസത്തെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. വിദേശകാര്യ മന്ത്രി ഡോ.S.ജയ്ശങ്കർ അധ്യക്ഷനാകും. അംഗരാജ്യങ്ങളിലെയും, പങ്കാളി രാജ്യങ്ങളിലെയും ബ്രിക്സ് വിദേശകാര്യ മന്ത്രിമാരും പ്രതിനിധി സംഘത്തലവന്മാരും യോഗത്തിൽ പങ്കെടുക്കും. ആഗോള, പ്രാദേശിക വിഷയങ്ങളിലെ കാഴ്ചപ്പാടുകൾ ഇന്ന് യോഗം ചർച്ചചെയ്തേക്കും. രണ്ടാം ദിവസം, "BRICS@20: പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി നിർമ്മാണം" എന്ന വിഷയത്തിലും, "ആഗോള ഭരണത്തിന്റെയും ബഹുമുഖ സംവിധാനത്തിന്റെയും പരിഷ്കാരങ്ങൾ" എന്ന വിഷയത്തിലും ചർച്ചയുണ്ടാകും.

✪✪✪

ഇറാൻ വിദേശകാര്യമന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചി ഇന്നലെ ന്യൂഡൽഹിയിലെത്തി. ബ്രിക്സ് അംഗരാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാനാണ് അദ്ദേഹമെത്തിയത്.

✪✪✪

വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ, ദക്ഷിണാഫ്രിക്കയുടെ അന്താരാഷ്ട്ര ബന്ധ സഹകരണ മന്ത്രി റൊണാൾഡ് ലെമോളയുമായി ചർച്ച നടത്തി. ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്ന കാര്യം ഇരുവരും ചർച്ച ചെയ്തതായി ഡോ. ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇന്ത്യ- ദക്ഷിണാഫ്രിക്ക തന്ത്രപരമായ പങ്കാളിത്തത്തിന്റെ വിവിധ വശങ്ങൾ രണ്ട് പേരും ചർച്ച ചെയ്തതായി ഡോ. ജയശങ്കർ അറിയിച്ചു.

✪✪✪

ഗവേഷണം, വികസനം, നവീകരണം എന്നീ രംഗത്ത് സ്വകാര്യമേഖലയുടെ പങ്കാളിത്തം കേന്ദ്രഗവണ്മെന്റ് സജീവമായി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ റിസർച്ച് ഡെവലപ്മെന്റ് ഇന്നൊവേഷൻ- RDI പദ്ധതിപ്രകാരം അഞ്ച് കരാറുകളിൽ ഒപ്പുവെയ്ക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

DEEP TEC നവീകരണം ത്വരിതപ്പെടുത്തുന്നതിനും, വ്യവസായ മേഖലയിൽ ഗവണ്മെന്റ് സഹകരണം ശക്തിപ്പെടുത്തുന്നതിനും അസാധാരണ സമീപനമാണ് കരാറിൽ പ്രതിഫലിക്കുന്നതെന്ന് ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു.

ക്വാണ്ടം സാങ്കേതിക വിദ്യ, ഊർജ്ജം, ബഹിരാകാശം, ജീവശാസ്ത്രം എന്നിവയുൾപ്പെടെ നിർണായക മേഖലകളെയാണ് ആദ്യറൗണ്ട് കരാർ ഉൾക്കൊള്ളുന്നതെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. സ്റ്റാർട്ടപ്പുകളെയും, DEEP TEC സംരംഭങ്ങളെയും പിന്തുണയ്ക്കുന്നതിന് ഗവണ്മെന്റ് നിരവധി നിയന്ത്രണങ്ങൾ ലഘൂകരിച്ചിട്ടുണ്ടെന്നും, സ്വകാര്യപങ്കാളിത്തത്തിന് മേഖലകൾ തുറന്നുകൊടുത്തിട്ടുണ്ടെന്നും ഡോ. ജിതേന്ദ്രസിംഗ് അറിയിച്ചു. ക്വാണ്ടം സുരക്ഷിത ആശയ വിനിമയത്തിന് എട്ട് വർഷം ലക്ഷ്യമിട്ടപ്പോൾ, നാലു വർഷത്തിനകം രാജ്യം ലക്ഷ്യം പൂർത്തീകരിച്ചതായി ജിതേന്ദ്രസിംഗ് പറഞ്ഞു.

✪✪✪

കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയെ ഇന്ന് പ്രഖ്യാപിക്കുമെന്ന് കോൺഗ്രസ് കേന്ദ്ര നേതൃത്വം അറിയിച്ചു. ഇത് സംബന്ധിച്ച എല്ലാ ചർച്ചകളും പൂർത്തിയായതായി AICC മാധ്യമ വിഭാഗം മേധാവി ജയറാം രമേശ് ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു.

ഇന്നലെ വൈകിട്ട് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെയുടെ വസതിയിലെത്തി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി മുഖ്യമന്ത്രി വിഷയത്തിൽ ചർച്ച നടത്തി. ഇതിനു ശേഷമാണ് പ്രഖ്യാപനം ഇന്നുണ്ടാകുമെന്ന് ജയറാം രമേശ് അറിയിച്ചത്.

കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗം ഇന്ന് ഉച്ചയ്ക്ക് KPCC ആസ്ഥാനത്ത് ചേരുമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫും പറഞ്ഞു. സംസ്ഥാനത്തിന്റെ ചുമതല വഹിക്കുന്ന ദീപാദാസ് മുൻഷിയടക്കം രണ്ട് കേന്ദ്രനിരീക്ഷകർ യോഗത്തിൽ പങ്കെടുത്തേക്കും. വിജയിച്ച സ്ഥാനാർത്ഥികളോട് തിരുവനന്തപുരത്തെത്താൻ കോൺഗ്രസ് നേതൃത്വം ആവശ്യപ്പെട്ടിട്ടുണ്ട്. UDF ഘടകകക്ഷികളുടെ പാർലമെന്ററി പാർട്ടിയോഗവും ഇന്നുച്ചയ്ക്ക് ചേർന്നേക്കും.

✪✪✪

മുഖ്യമന്ത്രി വിഷയത്തിൽ മുന്നണിയിൽ പ്രശ്നങ്ങളുണ്ടാക്കാൻ മുസ്ലീം ലീഗില്ലെന്ന് ഡോ. MK മുനീർ പറഞ്ഞു. ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത നിയുക്ത ലീഗ് MLA മാരുടെ സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു

അദ്ദേഹം. വിഷയത്തിൽ കോൺഗ്രസ് ഉചിതമായ തീരുമാനമെടുക്കുമെന്നും, പ്രതിപക്ഷ നേതാവിനെ നിശ്ചയിക്കാൻ ഇടതു മുന്നണിക്ക് ഇനിയും സാധിച്ചില്ലെന്നും MK മുനീർ പറഞ്ഞു.

മുസ്ലിം ലീഗ് ഏത് വകുപ്പ് കൈകാര്യം ചെയ്യണം എന്ന കാര്യത്തിൽ മറ്റ് ആളുകൾ അഭിപ്രായം പറയേണ്ടതില്ലെന്നും അത് ലീഗ് തീരുമാനിക്കുമെന്നും MK മുനീർ അറിയിച്ചു.

✪✪✪

ലോക്സഭ, തദ്ദേശ തെരഞ്ഞെടുപ്പുകളിൽ പ്രകടമായ UDF അനുകൂല, ഇടതു വിരുദ്ധ പ്രവണതകൾ കൂടുതൽ ശക്തമായി തീർന്നതാണ് നിയമസഭ തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിച്ചതെന്ന് INL സംസ്ഥാന നേതൃയോഗം വിലയിരുത്തി. ഭരണവിരുദ്ധ വികാരമല്ല രാഷ്ട്രീയ മാറ്റങ്ങൾക്ക് വഴിവെച്ചതെങ്കിൽ അതിന്റെ കാരണങ്ങൾ സത്യസന്ധമായി വിലയിരുത്തി തെറ്റുകൾ തിരുത്തുകയാണ് വേണ്ടതെന്നും നേതൃയോഗം അഭിപ്രായപ്പെട്ടതായി പാർട്ടി സംസ്ഥാന പ്രസിഡന്റ് അഹമദ് ദേവർ കോവിൽ പറഞ്ഞു.

✪✪✪

മെഡിക്കൽ പ്രവേശനത്തിന് നീറ്റ് പരീക്ഷ ഒഴിവാക്കണമെന്നും, 12-ാം ക്ലാസിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ സംസ്ഥാനങ്ങളെ അനുവദിക്കണമെന്നും തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടു. ചോദ്യപേപ്പർ ചോർച്ചയെത്തുടർന്ന് പരീക്ഷകൾ റദ്ദാക്കിയതും കേസ് CBIക്ക് കൈമാറിയതും ചൂണ്ടിക്കാട്ടിയ അദ്ദേഹം, ദേശീയതലത്തിൽ പരീക്ഷാ സംവിധാനത്തിലെ പോരായ്മകളാണ് ഇതിലൂടെ വ്യക്തമായതെന്നും പറഞ്ഞു.

നീറ്റ് പരീക്ഷ ഗ്രാമീണ മേഖലയിലെയും ഗവണ്മെന്റ് സ്കൂളുകളിലെയും തമിഴ് മീഡിയം വിദ്യാർത്ഥികൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും കനത്ത തിരിച്ചടിയാണെന്ന് വിജയ് വ്യക്തമാക്കി. MBBS, BDS, ആയുഷ് കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാസീറ്റുകൾ 12-ാം ക്ലാസ് മാർക്കിന്റെ അടിസ്ഥാനത്തിൽ നികത്താൻ അനുവദിക്കണമെന്നത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യമാണെന്നും വിജയ് പറഞ്ഞു.

✪✪✪

അസം നിയമസഭയിൽ ഈ മാസം 26 ന് ഏകീകൃത സിവിൽ കോഡ് ബിൽ അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ പറഞ്ഞു.

മുഖ്യമന്ത്രിയായി രണ്ടാം വട്ടം അധികാരമേറ്റ  ഹിമന്ത ബിശ്വ ശർമ്മ, ആദ്യ മന്ത്രിസഭാ യോഗത്തിനുശേഷം മാധ്യമങ്ങളോട് സംസാരിക്കു കയായിരുന്നു.

✪✪✪

SSLC പരീക്ഷാഫലം നാളെ പ്രഖ്യാപിക്കും. വൈകിട്ട് മൂന്നിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയും, പൊതുവിദ്യാഭ്യാസ ഡയറക്ടറും ചേർന്നായിരിക്കും ഫലം പ്രഖ്യാപിക്കുക. യുദ്ധം കാരണം ഗൾഫിൽ പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്ക് നിശ്ചിത ഫോർമുല പ്രകാരം മാർക്ക് നൽകിയ ഫലവും നാളെ പ്രഖ്യാപിക്കും.

✪✪✪

ആകാശവാണിയുടെ 90-ാം വാർഷികത്തിന്റെ ഭാഗമായി, പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം സംഘടിപ്പിച്ച മിനി ലിറ്ററേച്ചർ ഫെസ്റ്റ് LEGACY 2026 ഇന്ന് സമാപിക്കും. വൈകീട്ട് 5.30 ന് സെഷനിൽ എഴുത്തുകാരൻ C.V.ബാലകൃഷ്ണൻ മുഖ്യാതിഥിയായിരിക്കും.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

ഉത്തർപ്രദേശിൽ കഴിഞ്ഞ 24 മണിക്കൂറിനിടെയുണ്ടായ മഴയും പൊടിക്കാറ്റും ഇടിമിന്നലും മൂലം 43 പേർ മരിച്ചു. ഭദോഹി ജില്ലയിൽ 15 പേരും മിർസാപൂരിൽ 10 പേരും ഫത്തേപൂരിൽ 9 പേരും ബദായൂണിൽ അഞ്ച് പേരും ബറേലി ജില്ലയിൽ 4 പേരുമാണ് മരിച്ചത്.

✪✪✪

അടുത്ത സെൻസസ് കണക്ക് വരുന്നതോടുകൂടി ലോകത്ത് ഏറ്റവും കൂടുതൽ പേരെ ഹജ്ജിന് അയക്കുന്ന രാജ്യമായി ഇന്ത്യ മാറുമെന്ന് ദേശീയ ഹജ്ജ് കമ്മിറ്റി ചെയർമാൻ A.P.അബ്ദുല്ലക്കുട്ടി പറഞ്ഞു. ഇന്ത്യനേഷ്യയാണ് നിലവിൽ ഏറ്റവും കൂടുതൽ പേരെ ഹജ്ജിന് അയക്കുന്നത്. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ ഹാജിമാരുടെ യാത്രയയപ്പ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കരിപ്പൂരിൽ  ഹജ്ജ് ക്യാമ്പിന് തുടക്കമായി.  പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ക്യാമ്പ് ഉദ്ഘാടനം  ചെയ്തു. കരിപ്പൂർ വഴി ഇത്തവണ ഹജ്ജിന് പോകുന്നത്  969 പേരാണ്.  ആദ്യ വിമാനം നാളെ രാത്രി  12.20 നും, രണ്ടാമത്തെ വിമാനം പുലർച്ചെ 2.25 നുമാണ് പുറപ്പെടുക.

കരിപ്പൂരിൽ നിന്ന് ആകാശ എയർലൈൻസിന്റെ  145 പേർക്ക് യാത്ര ചെയ്യാവുന്ന ഏഴ് വിമാനങ്ങളാണ് സർവീസ് നടത്തുന്നത്.  ഇന്നു മുതൽ  ഈ മാസം 17 വരെയാണ് കരിപ്പൂരിൽ നിന്ന് ഹജ്ജ് വിമാനങ്ങളുടെ സർവീസ്.

✪✪✪

കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ അനധികൃത പാർക്കിംഗ് ഫീസ് പിരിക്കുന്നുവെന്ന പരാതിക്ക് അടിസ്ഥാനമില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് അറിയിച്ചു.  എയർപോർട്ട് ഡയറക്ടർ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവനാളിൽ  വയനാട്ടിൽ നിന്ന് പാൽച്ചുരം വഴി കൊട്ടിയൂരിലേക്ക് വൺവേ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചു. പൊലീസിന്റെ നേതൃത്വത്തിൽ കൊട്ടിയൂരിൽ ചേർന്ന അവലോകനയോഗത്തിലാണ് ഇതുസംബന്ധിച്ച നിർദേശം നൽകിയത്. KSRTC ബസുകൾക്ക് ഇത് ബാധകമല്ല. വാഹനങ്ങൾ നെടുംപൊയിൽ-പേര്യ ചുരം വഴി പോകണം.

✪✪✪

ഇടവമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന്  തുറക്കും. വൈകിട്ട് അഞ്ചിന്  തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി പ്രസാദ് ഇ.ഡി നടതുറന്ന് ദീപം തെളിയിക്കും.  ഇടവമാസ പൂജകൾ പൂർത്തിയാക്കി ഈ മാസം 19 ന് നടയടയ്ക്കും.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തി. റായ്പൂരിൽ കൊൽക്കത്ത ഉയർത്തിയ 193 റൺസ് ലക്ഷ്യം വിരാട് കോഹ്‌ലിയുടെ സെഞ്ചുറി കരുത്തിൽ 19.1 ഓവറിൽ ബംഗളൂരു മറികടന്നു.

ഇന്ന് ധരംശാലയിൽ ഏഴരയ്ക്ക് പഞ്ചാബ് കിങ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും.

✪✪✪

2024- 25 വർഷത്തെ കണ്ണൂർ സർവ്വകലാശാല നാഷണൽ സർവീസ് സ്കീം അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച പ്രോഗ്രാം ഓഫീസർമാരായി കാഞ്ഞങ്ങാട് നെഹ്റു കോളേജിലെ ഡോ. K.V വിനീഷ് കുമാർ, കണ്ണൂർ വിമൺസ് കോളേജിലെ ഡോ. K.P നിധീഷ്, പയ്യന്നൂർ കോളേജിലെ ഡോ. T.V സുരേഖ, പനമരം ആർട്സ് ആൻഡ് സയൻസ് കോളേജിലെ MA ഷെറീന, മട്ടന്നൂർ കോളേജിലെ ജസീക്കാ സുധീർ എന്നിവർക്കാണ് പുരസ്കാരം.

✪✪✪

സംസ്ഥാന ലൈബ്രറി കൗൺസിൽ ഗ്രന്ഥശാലകളിൽ സംഘടിപ്പിക്കുന്ന അക്ഷരകളരി വേനലവധി ക്യാമ്പിന് കോഴിക്കോട് കാളാണ്ടിതാഴം ദർശനം ഗ്രന്ഥാലയത്തിൽ തുടക്കമായി. മലയാള ഭാഷാ പഠനം മുൻനിർത്തി 'വള്ളിയും പുള്ളിയും' എന്ന് പേര് നൽകിയ പത്ത് ദിവസത്തെ പരിശീലനം കവി PK ഗോപി ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: അബ്ദുൽ കബീർ, സബിത കെ, അൻഷ കരീം*
*DEO : ഷീബ*